**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം – കൊല്ലം ജില്ല – മൈലം ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. പി.ഒ. മാത്യുവിനെതിരായ അച്ചടക്ക നടപടി – ഔപചാരിക അന്വേഷണത്തിന് കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ശ്രീമതി. എൻ. മനുഭായിയെ ചുമതലപ്പെടുത്തി – ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.222/2019/തസ്വഭവ                    തീയതി, തിരുവനന്തപുരം, 01.02.2019

================================================================

പരാമർശം: 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, കൊല്ലം ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ 24.03.2017-ലെ എസ് സി16/17/കെഎൽഎം/തസ്വഭവ നമ്പർ കത്ത്

2. കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 03.11.2017-ലെ ഡി1-4222/17 നമ്പർ റിപ്പോർട്ട്

3. പഞ്ചായത്ത് ഡയറക്ടറുടെ 06.04.2018-ലെ ഡി6-11961/17 നമ്പർ കുറ്റാരോപണ മെമ്മോ

4. പഞ്ചായത്ത് ഡയറക്ടറുടെ 02.07.2018-ലെ ഡി6-11961/17 നമ്പർ നടപടിക്രമങ്ങൾ

5. സർക്കാരിന്റെ 27.10.2018-ലെ 180/ഇപിബി2/2018/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

6. ശ്രീ. പി.ഒ. മാത്യു സമർപ്പിച്ച 03.12.2018-ലെ പ്രതിവാദ പത്രിക

**ഉത്തരവ്**

കൊല്ലം ജില്ലയിലെ മൈലം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ പി.ഒ. മാത്യുവിനെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതിനായി പരാമർശം (1) പ്രകാരം കത്ത് ലഭ്യമാക്കുകയും തുടർന്ന് കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അന്വേഷണം നടത്തി സമർപ്പിച്ച പരാമർശം (2) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചുവടെ പറയുന്ന ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ മൈലം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ പി.ഒ. മാത്യുവിനെതിരെ പരാമർശം (3) പ്രകാരം കുറ്റാരോപണ മെമ്മോ നൽകി അച്ചടക്ക നടപടി ആരംഭിച്ചു.

"മൈലം ഗ്രാമപഞ്ചായത്തിൽ മൈലം വില്ലേജിൽ കണ്ണകോട്ട് തെക്കതിൽ ശ്രീ.ബിജു ലൂക്കോസിന്റെ ഉടമസ്ഥതയിലുള്ള സർവ്വേ നമ്പർ 106/2-1,106/2-3 എന്ന വസ്തുവിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടനിർമ്മാണാനുമതിക്കായി 25.09.2014ൽ നൽകിയ അപേക്ഷയിൽ 01.11.2014ൽ എ5-117/5814/14 നമ്പരായി ബിൽഡിംഗ് പെർമ്മിറ്റ് അനുവദിച്ചു.അപേക്ഷയോടൊപ്പം നൽകിയിരിക്കുന്ന മേൽ സർവ്വേ നമ്പരിൽപെട്ട വസ്തുവിന്റെ

ആധാരത്തിൽ നിലം എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. കെട്ടിട നിർമ്മാണ പ്ലാൻ വാണിജ്യാവശ്യത്തിലേക്കുള്ളതാണ്. ആയത് പരിശോധിക്കാതെ വാണിജ്യാവശ്യത്തിലേക്ക് പെർമ്മിറ്റ് നൽകിയതിലൂടെ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണനിയമത്തിലെയും 1967-ലെ കേരള ഭൂവിനിയോഗ നിയമത്തിലെയും വ്യവസ്ഥകൾ ലംഘിച്ചു".

അച്ചടക്ക നടപടി സ്വീകരിച്ചു വരവേ ശ്രീ. പി.ഒ. മാത്യു 31.05.2018-ൽ സേവനത്തിൽ നിന്നും വിരമിച്ചതിനാൽ നേർവിചാരണനടപടികൾ സ്വീകരിക്കാൻ സാധിച്ചിട്ടില്ലെന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ട് പരിശോധിച്ചതിൽ നിന്നും ശ്രീ പി.ഒ. മാത്യുവിന്റെ ഭാഗത്ത് ഫയലുകളും രേഖകളും പരിശോധിച്ച് തീരുമാനമെടുക്കുന്നതിൽ പിഴവ് സംഭവിച്ചിട്ടുള്ളതായി കാണുന്നുവെന്നും ഈ സാഹചര്യത്തിൽ കെ.എസ്.ആർ ഭാഗം III ചട്ടം (3) പ്രകാരം നടപടി സ്വീകരിക്കാൻ ശുപാർശ ചെയ്ത് പഞ്ചായത്ത് ഡയറക്ടറുടെ പരാമർശം (4) നടപടിക്രമങ്ങൾ പ്രകാരം ഉത്തരവായിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിൽ നിന്നും ഫയലുകളും രേഖകളും പരിശോധിച്ച് തീരുമാനമെടുക്കുന്നതിൽ ശ്രീ. പി.ഒ. മാത്യുവിന്റെ ഭാഗത്തുനിന്നും ഗുരുതരമായ പിഴവ് ഉണ്ടായിട്ടുണ്ട് എന്നും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ശ്രീ പി.ഒ. മാത്യു സേവനത്തിൽ നിന്ന് വിരമിച്ചതിനാൽ ശ്രീ. പി.ഒ. മാത്യുവിനെതിരെ കെ.സി.എസ്. (സിസി&എ) ചട്ടങ്ങൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കാൻ കഴിയാത്തതിനാൽ കെ.എസ്.ആർ. ഭാഗം 3 ചട്ടം 3 (എ) പ്രകാരം ശ്രീ. പി.ഒ. മാത്യുവിന്റെ പ്രതിമാസ പെൻഷനിൽ നിന്നും 2000/- രൂപ വീതം 4 വർഷത്തേയ്ക്ക് കുറവ് ചെയ്യാൻ താൽക്കാലികമായി തീരുമാനമെടുത്ത് പരാമർശം (5) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. പി.ഒ. മാത്യു പരാമർശം (6) പ്രകാരം പ്രതിവാദ പത്രികയിൽ പ്രസ്തുത പെർമിറ്റ് അപേക്ഷയും അനുബന്ധ രേഖകളും സാങ്കേതിക വിഭാഗത്തിന് കൈമാറുകയുണ്ടായെന്നും സാങ്കേതിക വിഭാഗത്തിന്റെ പരിശോധനയിൽ പെർമിറ്റ് ആവശ്യപ്പെട്ടു നൽകിയ പ്രസ്തുത സ്ഥലം കരഭൂമിയാണെന്നും നിർദ്ദിഷ്ട പ്ലാൻ കെ.പി.ബി.ആർ. പ്രകാരം പെർമിറ്റിന് അർഹതയുള്ളതിനാൽ അനുവദിക്കാവുന്നതാണെന്നുമുള്ള ശുപാർശയുടെ അടിസ്ഥാനത്തിലാണ് പെർമിറ്റ് അനുവദിച്ചിട്ടുള്ളതെന്നും ബോധിപ്പിച്ചിട്ടുണ്ട്. പിന്നീട് ഒരു പരാതി ലഭിച്ചതിനെത്തുടർന്ന് മൈലം വില്ലേജ് ഓഫീസിൽ നൽകിയ കൈവശാവകാശ സർട്ടിഫിക്കറ്റിൽ ഭൂമിയുടെ തരം പുരയിടം എന്ന് രേഖപ്പെടുത്തിയതിൽ സംശയം തോന്നിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സർട്ടിഫിക്കറ്റിലെ പുരയിടം എന്ന പരാമർശം ശരിയാണോ എന്ന നിജസ്ഥിതി അറിയിക്കണമെന്ന് വില്ലേജ് ഓഫീസറോട് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഇതിനു മറുപടിയായി ടി വസ്തു നിലമാണെന്ന് രേഖപ്പെടുത്തി പുതിയ കൈവശാവകാശ സർട്ടിഫിക്കറ്റ് നൽകുകയുണ്ടായെന്നും പ്രസ്തുത സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഉടമസ്ഥനു നൽകിയ പെർമിറ്റ് റദ്ദ് ചെയ്യാതിരിക്കാൻ കാരണമെന്തെങ്കിലുമുണ്ടെങ്കിൽ ബോധിപ്പിക്കുവാൻ അറിയിപ്പ് നൽകിയെന്നും ബോധിപ്പിച്ചിട്ടുണ്ട്. ആയിനാൽ സെക്രട്ടറി എന്ന നിലയിൽ തന്റെ ഭാഗത്തുനിന്നും യാതൊരു വീഴ്ചയും ഉണ്ടായിട്ടില്ലെന്നും ശ്രീ. മാത്യു ബോധിപ്പിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു ശ്രീ. പി.ഒ. മാത്യുവിന്റെ പ്രതിമാസ പെൻഷനിൽ നിന്നും 2000/- രൂപ വീതം 4 വർഷത്തേയ്ക്ക് കുറവ് ചെയ്യാൻ താൽക്കാലികമായി തീരുമാനമെടുത്ത് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുള്ളതിനാൽ ശ്രീ. പി.ഒ. മാത്യുവിനെതിരായ അച്ചടക്ക നടപടിയിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനു

മുമ്പായി ഇക്കാര്യത്തിൽ ഔപചാരിക അന്വേഷണം നടത്തേണ്ടതായിട്ടുണ്ട്. ഈ സാഹചര്യത്തിൽ മൈലം ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. പി.ഒ. മാത്യുവിനെതിരായ ആരോപണങ്ങളിന്മേൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ശ്രീമതി. എൻ. മനുഭായിയെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണ റിപ്പോർട്ട് 15 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എസ്. മോഹൻദാസ്**

അഡീഷണൽ സെക്രട്ടറി

1. ശ്രീമതി. എൻ. മനുഭായി, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം
   (പരാമർശം (1), (3), (4), (5), (6) എന്നിവയുടെ പകർപ്പുകൾ സഹിതം)
2. ശ്രീ. പി.ഒ. മാത്യു, മുൻ സെക്രട്ടറി, മൈലം ഗ്രാമപഞ്ചായത്ത്
   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
6. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/180/2018/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ